15/01/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.476(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*4497/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 31.12.2021

ശ്രീ. യൂനുസ് വി.വൈ.,
വാക്കാട്ട് വീട്, വെണ്ണല പി.ഒ.,
കൊച്ചി, എറണാകുളം-682028 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കാർഷിക വികസന കർഷക ക്ഷേമ
   വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
   തിരുവനന്തപുരം

2. അപ്പീൽ അധികാരി,
   സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,
   കൃഷി ഡയറക്ടറേറ്റ്,
   വികാസ് ഭവൻ, തിരുവനന്തപുരം

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.09.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.07.2021 |
| ഹിയറിംഗ് തീയതി | 24.12.2021 |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| --- | --- |
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. യൂനസ് വി.വൈ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷികൾ അവ്യക്തവും അപൂർണ്ണവുമായ മറുപടിയാണ് നൽകിയതെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കമ്മീഷൻ ഉചിതമായ നടപടി കൈക്കൊളളണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 2020 ൽ കൃഷി ആഫീസർമാരുടെ എത്ര സ്ഥലം മാറ്റ ഉത്തരവുകൾ ഇറങ്ങി എന്നും ഇറങ്ങിയ ഉത്തരവുകളുടെ നമ്പരും തീയതിയും വ്യക്തമാക്കണമെന്നും കൃഷി ആഫീസറായി നിയമനം ലഭിച്ച് ഒരു വർഷം തികയാത്ത എത്ര പേർക്ക് പ്രസ്തുത ലിസ്റ്റുകളിൽ സ്ഥലമാറ്റം അനുവദിച്ചുവെന്നും അവരുടെ പേരും സ്ഥലം മാറ്റം ലഭിച്ച സ്ഥലവും മാറ്റത്തിന് അപേക്ഷ കൊടുത്തത് പ്രസ്തുത സ്ഥലവും വ്യക്തമാക്കണമെന്നും സർക്കാർ ഉത്തരവിന്റെ ഏത് മാനദണ്ഡപ്രകാരമാണ് മേൽപ്പറഞ്ഞ ഉദ്യോഗാർത്ഥികൾക്ക് സ്ഥലംമാറ്റം അനുവദിച്ചതെന്നും ആയതിന്റെ മുഴുവൻ രേഖകളും നൽകണമെന്നും ശ്രീമതി. നഈമ നൗഷാദ് അലിയുടെ സ്ഥലം മാറ്റത്തിനുളള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ട് എന്നാണ് മറുപടി എങ്കിൽ എന്ത്കൊണ്ട് പരിഗണിച്ചില്ലെന്നും ഇല്ല എന്നാണെങ്കിൽ എന്ത്കൊണ്ട്

RIGHT TO INFORMATION

എന്നും മന:പൂർവ്വം അവഗണിച്ചതാണെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 27.10.2020 ൽ നൽകിയ മറുപടിയിൽ 30.09.2020 വരെ കൃഷി ആഫീസർമാരുടെ ആകെ 7 സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും (ടി ഉത്തരവുകളുടെ നമ്പരും തീയതിയും ഉൾപ്പെടുത്തിയിരിക്കുന്നു) ടി ഉത്തരവുകളിൽ കൃഷി ആഫീസർമാരായി നിയമനം ലഭിച്ച് ഒരു വർഷം തികയാത്ത 11 പേർക്ക് സ്ഥലമാറ്റം ലഭിച്ചിട്ടുണ്ടെന്നും (ടി ഉദ്യോഗസ്ഥരുടെ പേരും മറ്റു വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു) കൂടാതെ ഹർജിക്കാരന്റെ 9 ഇനങ്ങൾക്കും മറുപടി നൽകിയതായി കാണുന്നു. ടി മറുപടി കൃത്യവും വ്യക്തവുമല്ലെന്നു കാണിച്ച് ടിയാൻ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ, ഹർജികക്ഷിയുടെ അപേക്ഷയിലെ 1,2,3,7,8,9 എന്നീ ചോദ്യങ്ങൾക്ക് പുതുതായി വിവരം ആവശ്യപ്പെടുന്നത് അപ്പീൽ സംഗതിയല്ലെന്നും 4,5,6 എന്നീ ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. ലഭ്യമാക്കിയ ഏത് വിവരമാണ് തൃപ്തികരമല്ലാത്തവ എന്ന് ടിയാൻ വ്യക്തമാക്കിയില്ലെന്നും ആയതിനാൽ അപ്പീൽ പരിധിയിൽ ഉൾപ്പെടുന്ന കാര്യമല്ല ടിയാൻ ഉന്നയിച്ചിരിക്കുന്നതെന്നും ടിയാനെ അറിയിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 16.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള

മറുപടിയിൽ എന്താണ് അവ്യക്തമായിട്ടുള്ളതെന്നും ഏതെക്കെയാണ് അപൂർണ്ണമായിട്ടുള്ളതെന്നും ഒന്നാം അപ്പീലിൽ വ്യക്തമാക്കിയിരുന്നില്ലെന്നും ടിയാന്റെ അപേക്ഷയിൽ അവധിയിൽ തുടരുകയായിരുന്ന ഭാര്യയ്ക്ക് ചോറ്റാനിക്കര കൃഷി ഭവനിൽ സ്ഥലം മാറ്റം ലഭിച്ചില്ലെന്നും ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തതിനു ചെലവായ തുക ഈടാക്കിതരണമെന്നും ഭാര്യയ്ക്ക് ചോറ്റാനിക്കര കൃഷി ഭവനിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടറോടു ശുപാർശ ചെയ്യണമെന്നുമാണ് സൂചിപ്പിച്ചിരുന്നതെന്നും. ഹർജികക്ഷിക്ക് ലഭിച്ച അപ്പീൽ മറുപടിയിൽ അവ്യക്തവും അപൂർണ്ണവുമാണെന്ന് ടിയാൻ വാദിക്കുന്ന വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കി തരുവാനല്ല, മറിച്ച് ഒരു വകുപ്പിൽ വകുപ്പ് അധികാരിഭരണപരമായും നയപരമായും നടപടി സ്വീകരിക്കേണ്ട സ്ഥലമാറ്റം പോലുള്ള പ്രധാനപ്പെട്ട വിഷയത്തിൽ തീരുമാനം കൈക്കൊള്ളാനാണ് ടിയാൻ കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുന്നതതെന്നും ഹർജികക്ഷിയുടെ അപ്പീലിൽ അപേക്ഷയിലും അധികമായ വിവരങ്ങളാണ് കമ്മീഷൻ മുമ്പാകെ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും വിവരാവകാശ നിയമ പ്രകാരം അപ്പീലിലൂടെ Additional Information ആവശ്യപ്പെടുവാൻ കഴിയുകയില്ലെന്നും ടിയാന്റെ ഒന്നാം അപ്പീൽ തീർപ്പാക്കിയതിൽ പുതുതായി ഒരു അപേക്ഷ സമർപ്പിക്കുവാൻ ടിയാനോട് നിർദ്ദേശിച്ചിരുന്നുവെന്നും വ്യക്തിപരമായ നേട്ടങ്ങൾക്കു വേണ്ടി മാത്രം വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്യുന്ന നടപടിയാണ് ടിയാന്റെ ഭാഗത്തു നിന്നും സംഭവിച്ചിരിക്കുന്നതെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 30.09.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി

RIGHT TO INFORMATION

27.10.2020 ൽ മറുപടി നൽകിയതായി കാണുന്നു. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷിയും മറുപടി നൽകിയതായി കാണുന്നു. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രശ്നപരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സംഗതി അല്ലെങ്കിൽപ്പോലും KAT ഉത്തരവ് പ്രകാരം ടി എതിർകക്ഷിയുടെ ആവശ്യത്തിൽ ന്യായവും അർഹതയും ഉള്ളതായി കാണുന്നു. സർക്കാർ നിശ്ചയിച്ചതായി പറഞ്ഞിരിക്കുന്ന നോംസിന് വിരുദ്ധമായ പോസ്റ്റിംഗ് നടത്തിയിട്ടുള്ളതായി ഹർജികക്ഷി ചൂണ്ടി കാണിച്ചിട്ടുള്ളത് ആയതു പരിശോധിച്ചത് വേണ്ടതു ചെയ്യാമെന്ന് ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിലും നഷ്ടപരിഹാരത്തിന്റെ വസ്തുത പ്രത്യേകമായി നഷ്ടം എന്താണ് എന്ന് ബോധ്യപ്പെടുത്താത്ത സാഹചര്യത്തിലും ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021, ഡിസംബർ 31-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION